II ഇ.ബി. XV- കേരള നിയമസഭ/VII-6

**പതിനഞ്ചാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ഡിസംബർ 12, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

20 (*151) ഡിജിറ്റൽ സയൻസ് പാർക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, 2022-23 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പിപിപി മാതൃകയിൽ സജ്ജമാക്കുന്ന ഡിജിറ്റൽ സയൻസ് പാർക്ക് കിഫ്ബി നിക്ഷേപമായ 200 കോടി രൂപയിൽ പരിമിതപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും ബാക്കി തുക മറ്റ് സ്രോതസ്സുകളിൽനിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും ടെക്നോസിറ്റിയിലെ കബനി ബിൽഡിംഗിൽ വാടകയ്ക്കെടുക്കുന്ന സ്ഥലത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും എഡിൻബർഗ് സർവ്വകലാശാലയുമായി ഡിജിറ്റൽ

സർവ്വകലാശാല ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററായി ഡിജിറ്റൽ സയൻസ് പാർക്ക് പ്രവർത്തിക്കുമെന്നും സർവ്വകലാശാലകൾ, വ്യവസായം, സർക്കാർ എന്നിവയുൾപ്പെടുന്ന ട്രിപ്പിൾ ഹെലിക്സിൽ അധിഷ്ഠിതമായ ആശയവിനിമയങ്ങളുടെ നെറ്റ്‌വർക്ക് സംയോജനതത്വം പാലിച്ച് വികസിപ്പിക്കുമെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ പാർക്കിലൂടെ ആരംഭിക്കുന്നതോടൊപ്പം ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നതുമാണ്. ടെക്നോസിറ്റി ഇന്റഗ്രേറ്റഡ് പദ്ധതി സംസ്ഥാന വ്യവസായ മേഖലയ്ക്ക് മുതൽക്കൂട്ടാകുമെന്നും സംസ്ഥാനത്തെ ഇലക്ട്രോണിക് ഹബ്ബ് ആക്കുന്നതിന് സെമികണ്ടക്ടർ പാർക്ക് ആരംഭിക്കുന്നതാണെന്നും ഗ്രാഫീൻ ഗവേഷണത്തിനായി രാജ്യത്തെ ആദ്യത്തെ ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ തൃശ്ശൂരിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഡിജിറ്റൽ ഫാബ്രിക്കേഷനിൽ നൈപുണ്യ

വികസനത്തിനായി കൊച്ചിയിൽ സൂപ്പർ ഫാബ് ലാബും തിരുവനന്തപുരത്ത് ഫാബ് ലാബും പ്രവർത്തിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഐ.ടി ഇടനാഴികൾ സ്ഥാപിക്കാനും കോഴിക്കോട് ഐ.ടി. പാർക്കിന്റെ വികസനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഐ.ടി. മേഖലയിൽ തൊഴിലവസരം സാധ്യമാക്കുന്നതിന് കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ സ്കില്ലിംഗ് പ്രോഗ്രാമുകളും വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും ആവിഷ്കരിച്ചിട്ടുണ്ടെന്നും തൊഴിൽ മേഖലയിലെ വിഭവശേഷി കൂട്ടുന്നതിന് 'ഇഗ്നൈറ്റ്' ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ടെന്നും ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക കാലഘട്ടത്തിനനുയോജ്യമായ കോഴ്സുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതായും കെ-ഫോൺ പദ്ധതിയിലൂടെ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും ആദ്യഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

21 (*152) മെട്രോ റെയിൽ പദ്ധതി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാന സർക്കാർ 2310 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയ കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടതിൻപ്രകാരം പദ്ധതിച്ചെലവ് 1957.05 കോടി രൂപയായി പുനർനിർണ്ണയിക്കുകയും കേന്ദ്രമന്ത്രിസഭ 07.09.2022-ൽ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും നിർവ്വഹണ പുരോഗതിക്കനുസരിച്ച് മാത്രമേ എസ്റ്റിമേറ്റിൽ വരുത്തിയിട്ടുള്ള കുറവ് പദ്ധതി നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ബാഹ്യ ഫണ്ടിംഗ് ഏജൻസികളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയെ വായ്പയ്ക്കായി സമീപിച്ചിട്ടില്ലെന്നും മെട്രോ റെയിൽ പോളിസി, ബെഞ്ച്മാർക്ക് റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തെയും മെട്രോ പദ്ധതികൾക്ക് വ്യത്യസ്ത തുകയ്ക്കാണ് കേന്ദ്രസർക്കാർ അംഗീകാരം നൽകുന്നതെന്നും വ്യക്തമാക്കി. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് നടപ്പാക്കിവരുന്ന

ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവയും കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ വിശദ പദ്ധതിരേഖ തയ്യാറാക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും എയർപോർട്ടുമായുള്ള കൊച്ചി മെട്രോയുടെ കണക്ടിവിറ്റി സംബന്ധിച്ച വിഷയം കേന്ദ്രസർക്കാരുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

22 (*153) <u>ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) നൽകിയ മറുപടിയിൽ, 'നല്ല ഭക്ഷണം നാടിന്റെ അവകാശം' ക്യാമ്പയിനിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന ഭക്ഷ്യ വസ്തുക്കൾ മാർക്കറ്റിൽനിന്നും നീക്കം ചെയ്യുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നും കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിര പരിശോധനകൾ ശക്തമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആഘോഷ വേളകളിലും

പകർച്ചവ്യാധി ഭീഷണി നേരിടുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ടെന്നും മൂന്ന് റീജിയണൽ ലാബുകളും രണ്ട് ജില്ലാ ലാബുകളും എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകളും ക്വിക്ക് റെസ്പോൺസ് ടീമും പ്രവർത്തിക്കുന്നുണ്ടെന്നും ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് ടോൾഫ്രീ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. 2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ 75230 ഭക്ഷ്യ പരിശോധനകൾ നടത്തുകയും 521 പ്രോസിക്യൂഷൻ കേസുകളും 830 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്യുകയും ഫുഡ് സേഫ്റ്റി ട്രെയിനിംഗ് ആന്റ് സർട്ടിഫിക്കേഷന്റെ ഭാഗമായി ഭക്ഷ്യോൽപാദന കേന്ദ്രങ്ങളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലനം നൽകിയിട്ടുണ്ടെന്നും 140 ഗ്രാമപഞ്ചായത്തുകളിൽക്കൂടി സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി വ്യാപിപ്പിക്കുന്നതിനോടൊപ്പം മുഴുവൻ പഞ്ചായത്തുകളെയും ഭക്ഷ്യ സുരക്ഷാ പഞ്ചായത്തുകളാക്കി മാറ്റുന്നതാണെന്നും ഭക്ഷ്യ നിർമ്മാണ, സംഭരണ, വിതരണ സംരംഭകർക്ക് ലൈസൻസ്/രജിസ്ട്രേഷൻ ഉറപ്പുവരുത്തുന്നതിന് മേളകൾ സംഘടിപ്പിക്കുന്നുണ്ടെന്നും അറിയിച്ചു. 'സേവ് ഫുഡ് ഷെയർ ഫുഡ്'

പദ്ധതിയിലൂടെ ഫുഡ് സേഫ്റ്റി ഇൻഡക്സിലെ കേരളത്തിന്റെ റാങ്കിംഗ് മെച്ചപ്പെടുത്താൻ സാധിക്കുമെന്നും ഹോട്ടലുകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ഹൈജീനിക് റേറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ള മൊബൈൽ പോർട്ടൽ വഴി പൊതുജനങ്ങൾക്ക് പരാതികൾ നൽകാമെന്നും ഫുഡ്സേഫ്റ്റി ഓഫീസർ തസ്തികയിൽ പുതിയതായി 34 പേർക്കുകൂടി നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കി. അങ്കണവാടികൾ വഴി സപ്ലിമെന്ററി ന്യൂട്രീഷ്യസ് ഫുഡ് പ്രോഗ്രാം നടത്തുന്നുണ്ടെന്നും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച ഐ.ഇ.സി. പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.എഫ്.ഡി.സി. മുഖേന ഷോർട്ട് ഫിലിമുകൾ നിർമ്മിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഭക്ഷ്യവകുപ്പിന് നൽകിവരുന്നുണ്ടെന്നും വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം നൽകുന്ന SNF@School പദ്ധതി 500 സ്കൂളുകളിൽക്കൂടി നടപ്പിലാക്കുന്നതാണെന്നും ആരാധനാലയങ്ങളിലെ പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷയ്ക്കായി 'BHOG' (Blissfull Hygienic Offering to God) പദ്ധതി, വെളിച്ചെണ്ണയുടെ ഗുണനിലവാര പരിശോധനയ്ക്കായി 'ഓപ്പറേഷൻ ഓയിൽ', മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ', മാംസാഹാര പരിശോധനയ്ക്കായി 'ഓപ്പറേഷൻ

ഷവർമ്മ', ശർക്കരയുടെ ഗുണനിലവാര പരിശോധനയ്ക്കായി "ഓപ്പറേഷൻ ജാഗറി" എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും സമ്പുഷ്ടീകരിച്ച അരിയുടെ ഗുണദോഷഫലങ്ങൾ സംബന്ധിച്ച് പരിശോധിക്കാനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഭക്ഷ്യവകുപ്പിന് നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23 (*154) <u>സിൽവർ ലൈൻ പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, റെയിൽവേ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണെന്നും സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രാലയത്തിന്റെയും റെയിൽവേ ബോർഡിന്റെയും മാനദണ്ഡങ്ങൾക്കും അംഗീകാരങ്ങൾക്കുമനുസൃതമായാണ് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയതെന്നും തുക ചെലവാക്കിയത് നിയമപ്രകാരമാണെന്നും സഭയെ അറിയിച്ചു. നിലവിൽ സാമൂഹ്യാഘാത പഠനമാണ് നടത്തിയതെന്നും ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ലെന്നും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണെന്നും വ്യക്തമാക്കി. നിശ്ചിത കാലയളവിനുള്ളിൽ സാമൂഹ്യാഘാത പഠനം പൂർത്തീകരിക്കാത്തതിനാൽ റെയിൽവേ

ബോർഡിന്റെ അന്തിമാനുമതി ലഭിച്ചശേഷം പുനർവിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് തടസ്സമില്ലെന്നും പദ്ധതി പ്രതിഷേധവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കുന്നതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.